
ദ്യുതി
ജി. എച്ച്. എസ്സ്. എസ്സ്. കിഴക്കഞ്ചേരി

# ആശംസ

സാഹിദ ടീച്ചർ
ഹെഡ് മിസ്ട്രസ്സ്



പോയ കാലങ്ങളിൽ കൈയ്യെഴുത്തു മാസിക എന്ന പേരിൽ അറിയപ്പെട്ട സ്കൂൾ മാഗസിൻ കാല്പനികതയുടെ ചിറകിൽ ഡിജിറ്റലൈസ് ചെയ്യപ്പെടുന്നു.
സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ രൂപകൽപന ചെയ്യപ്പെട്ട ഈ മാഗസിനിൽ ജി.എച്ച് എസ്സ്. എസ്സ് കിഴക്കഞ്ചേരിയുടെ ഉൾതുടിപ്പുകളും, സ്വപ്നങ്ങളും എല്ലാം ഇഴ ചേർക്കപ്പെട്ടിരിക്കുന്നു.
കൂട്ടായ്മയുടെ ഈ വിജയത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.



# ആശംസ

ശ്രീമതി സിനിയ ടീച്ചർ
സീനിയർ അസിസ്റ്റന്റ്

**സ്കൂളുകൾ ഹൈടെക് ആകുന്നതിന്റെ ഭാഗമായി നമ്മുടെ സ്കൂളിൽ പ്രവർത്തനമാരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് മികവിന്റെ വിളംബരമോതുകയാണ് -ദ്യുതിയിലൂടെ - ഉയർന്ന ചിന്തയുടെയും ഭാവനയുടെയും പ്രകാശനമായ ഈ ഡിജിറ്റൽ മാഗസിന് എല്ലാ മംഗളങ്ങളും ആശംസിക്കുന്നു .**
**ഈ പ്രവർത്തനത്തിന്റെ അമരക്കാരായ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസുമാരേയും കൈറ്റ്സ് അംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു.**

# എഡിറ്റോറിയൽ

വായന അന്യം നിന്നു  പോകുന്നു എന്ന  മുറവിളികൾ എങ്ങും ഉയരുന്ന ഇക്കാലത്ത് ........

ആർദ്രത ഒന്നാകെ കൈവശം വന്നു എന്ന് പരിതപിക്കുന്ന ഇക്കാലത്ത്........

വേറിട്ട് ചിന്തിക്കുകയും  പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു പുതുതലമുറ.......

നൂതന സാങ്കേതിക വിദ്യയിലൂടെ ........

വായനയുടെ പൂക്കാലം വിരിയിക്കാൻ..........

ഗവ.എച്ച്.എസ്.എസ് കിഴക്കഞ്ചേരിയുടെ സ്വന്തം ഡിജിറ്റൽ മാഗസിൻ..........

## ദ്യുതി .........

നിങ്ങൾക്ക് മുമ്പിൽ  സമർപ്പിക്കുന്നു.

സാങ്കേതികയുടെ വിരൽ പിടിച്ച് സർഗ്ഗാത്മതയുടെ മഴവില്ല് വിരിയിക്കുന്ന ദ്യുതി.....

സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.......

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
## ജി. എച്ച്. എസ്. എസ് കിഴക്കഞ്ചേരി
## 2019-21



# സ്റ്റുഡന്റ് എഡിറ്റോറിയൽ ബോർഡ്



**ഗോപിക.വി**
IX A



**സുഫിലി.എസ്**
IX A

**ഗണേഷ്**
IX C





**ആദർഷ്.എം.ജി**
IX A



**വിനീഷ്**
IX B

# താളുകൾ മറിക്കുമ്പോൾ

ആഹ്ലാദത്തിൽ..........8
എന്റെ കവിത..........9
കാത്തിരിപ്പ്..........10-11
ഗുരുവന്ദനം..........12
എന്റെ മരണം..........13
ചിത്രം..........14
മയക്കു മരുന്നുകൾക്കെതിരെ..........15
പാഠം ഒന്ന്..........16
എന്റെ നഷ്ടപ്പെട്ട നിമിഷങ്ങളിലൂടെ..........17
സൗഹൃദം..........18
പ്രവാസി..........19
വാർദ്ധക്യം..........20-21
ചിന്താസരണി..........22
പ്രകൃതി..........23
കുഞ്ഞേ നിനക്കെന്തുപറ്റി?..........24
കണ്ണീരിലെ ഓർമ്മകൾ..........25
എനിക്കും പറയാനുണ്ട്..........26
ആ കവിത..........27
നിലാവ്..........28
വിദ്യാലയം..........29
മോഹം..........30
ചിത്രം..........31
മികവ്..........32
ചിത്രം..........33
നന്ദി..........34

# ആഹ്ലാദത്തിൽ

റിജു എം ആർ

മോഹത്തിൽ  സ്വപ്നമാം
മനസ്സേ നിൻ അടിത്തട്ടിൽ
ഒരു പ്രണയമാം മോഹം
ഉടലെടുക്കുന്നുവെന്ന് ഞാനറിഞ്ഞില്ല.

വശ്യമായ സൗരഭ്യത്തിൽ കാതലേ
നിന്റെ  മോഹമുദിക്കും  മുഖമൊന്നു
കണ്ടോട്ടെ  ഞാൻ  ഒരു വട്ടമെങ്കിലും
ഹാ! സൗരഭ്യ പുഞ്ചിരി

പൂവിൻ സുഗന്ധം  മണക്കുമാ
പൂമ്പാറ്റതൻ  മോഹം എത്രതന്നെ
വലുതാവാമവന്റെ  പൂമേനി-
തൻ  കുഞ്ചിലുമായ മുഖംപ്പോലെ?

മാനസസന്ത്വയനാം ഉദയന്റെ
മുഖം കണ്ടുണരുമ്പോൾ

സന്തോഷമാം മോഹത്തിന്
വന്നണരും നിറഭേദങ്ങളോടെ.

# എന്റെ കവിത

അനശ്വര . കെ
IX F

ഫലിതത്തിൽ കടഞ്ഞെടുത്ത,
കുഞ്ഞുണ്ണിതൻ കാവ്യമല്ല,
സുഗതകുമാരിതൻ ഭാവ-
കൽപ്പനയുമല്ല,
കാറ്റത്തു പാറിനടക്കുന്ന-
പ്പൂപ്പൻ താടിപോലെയാ-
ണെന്റെ കവിതകൾ
മാധുര്യമൂറും വാക്കുകളില്ല
ആശയങ്ങൾ വ്യക്തവുമല്ല
എങ്കിലും ഒരുനേരമ്പോക്കാ-
ണെന്റെ കവിതകൾ
പ്രകൃതിയെ ഉപാസിച്ചെഴുതു-
ന്ന കവിയുമല്ല ഞാൻ,
ഷഡ്പദങ്ങൾക്കെങ്ങനയാണോ
ചിറകുകൾ അതിനു-
സമമാണെന്റെ കവിത.

# കാത്തിരിപ്പ്

സാന്ദ്ര ശശീന്ദ്രൻ
IX A

**പിറന്നാൾ ആശംസകൾ അമ്മേ........പതിവിലും വിപരീതമായ സ്വരം കേട്ട കൊണ്ടാണ് ദേവകിയമ്മ ഉറക്കമുണർന്നത്. ഒപ്പം ഒരൽപ്പം അത്ഭുതവും.മീനമാസത്തിലെ മകം നക്ഷത്രം. മകൻ ഇതോർത്ത് പറഞ്ഞതല്ലോ,ദേവകിയമ്മ സന്തോഷിച്ചു........ ഇന്ന് അമ്പലത്തിൽ പോണം അമ്മേ.......... ഉം താനും ആഗ്രഹിച്ചതല്ലേ...... പുതിയ മുണ്ടും വേഷ്ടിയും മകൻ നൽകിയപ്പോൾ ദേവകിയമ്മയുടെ കണ്ണുകൾ നിറഞ്ഞു. വർഷങ്ങളായി പഴംകഞ്ഞിയും മുളകും കഴിച്ച മരവിച്ച നാവിന് ഇഡ്ഡലിയും സാമ്പാറും പുതുജീവൻ നൽകിയപ്പോൾ ദേവകിയമ്മ സന്തോഷിച്ചു. അമ്പലത്തിൽ പോകാനൊരുങ്ങുമ്പോൾ മരതകം പതിച്ച കമ്മൽ മരുമകൾ വെച്ചു നീട്ടിയത് ദേവകിയമ്മയെ അതിശയിപ്പിച്ചു. വീട്ടിൽ നിന്നും ഇറങ്ങാൻ നേരം പതവിലും വിപരീതമായി മണിയൻ കാലിൽ വന്ന് നക്കി.**

മ്യാവൂ.......ഇപ്പൊ വരാമെടാ
മണിയാ......നിലവിളക്കിനു മുന്നിൽ ദേവനെ
തൊഴുതുകഴിഞ്ഞ് ഉണ്ണി അമ്മയെ ഒരു വലിയ
കെട്ടിടത്തിന്റെ മുന്നിലെത്തിച്ചു. ഭൂമിയിലെ
മാലാഖമാർ അടുത്ത് വന്നപ്പോൾ ദേവകിയമ്മയ്ക്ക്
കാര്യം മനസ്സിലായി.
പോകാനൊരുങ്ങുന്ന ഉണ്ണിയോട് ദേവകിയമ്മ
പറഞ്ഞു ഉണ്ണിയേ........ എന്നും മണിയന് രണ്ട് ബിസ്കറ്റ്
കൊടുക്കണം. അവന്റെ വിഹിതം കിട്ടിയില്ലെങ്കിൽ
അവനു വിഷമമാകും. ഉരുണ്ടുകൂടിയ
മഴമേഘക്കാറുകൾ മറച്ചുകൊണ്ടു ഒന്നും പറയാതെ
ഉണ്ണി പോയി.
സമയം ആറര മണി."തള്ള പോയി"ഇറയത്ത് നിന്ന
പാൽപ്പാത്രവും ബിസ്കറ്റുകളും അതൊന്നു കേൾക്കുക
പോലും ചെയ്യാതെ മണിയൻ വിദൂരതയിലേക്ക്
നോക്കിയിരുന്നു. ഇപ്പൊ വരാമെടാ.......
കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം
മനസ്സുകളുടെ ഐക്യത്തിലാണ് ജീവിതം
ധന്യമാകുക.

# ഗുരുവന്ദനം

സുനിത എ.കെ
ഇംഗ്ലീഷ് അധ്യാപിക

താളം പിടിച്ച്, തലയാട്ടി ഹിന്ദി അധ്യാപകൻ മാധവൻ മാഷിനൊപ്പം ഞങ്ങൾ അഞ്ചാം ക്ലാസുകാർ ഈണത്തിൽ പാടി..... "ക്യാ - എന്ത്? ക്യാ ക്യാ - എന്തെല്ലാം? കോൻ – ആര്? കോൻ കോൻ – ആരെല്ലാം ? മേം - ഇൽ, പർ - മേൽ, കൊ - ക്ക് ,ന്, യെ,......"

അങ്ങനെയങ്ങനെ ഹിന്ദിയിലെ ഒട്ടുമിക്ക പദങ്ങളുടെയും അർത്ഥം രസകരമായും തന്ത്രപരമായും മാഷ് തന്റെ വിദ്യാർത്ഥികളെ പഠിപ്പിച്ചു. മലയാളം പഠിപ്പിച്ച ഗംഗാധരൻ മാഷും, ഇംഗ്ലീഷ് പഠിപ്പിച്ച കുഞ്ഞമ്മട്ടീച്ചറുമെല്ലാം ഭാഷാപഠനത്തോട് തോന്നിപ്പിച്ച അഭിനിവേശം ചെറുതായിരുന്നില്ല.... അവരിൽ നിന്നും നെഞ്ചേറിയ ജീവിത പാഠങ്ങൾ നൽകുന്ന ആനന്ദവും ആത്മവിശ്വാസവും അനിർവചനീയമാണ്.... വർഷങ്ങൾക്കിപ്പുറം അധ്യാപികയുടെ വേഷത്തിൽ "അധ്യാപക ശാക്തീകരണ പരിപാടികളിൽ പലവിധ വേഷങ്ങൾ കെട്ടിയാടുമ്പോൾ ഓർക്കുന്നു ആ പഴയ കാലത്തെ!
അന്നത്തെ അധ്യാപകരെ!
അവരിലെ നന്മയും, വിശുദ്ധിയും, അർപ്പണമനോഭാവവും അതിലുപരി ജന്മസിദ്ധമായ അധ്യാപന മികവും അടിവരയിട്ട തത്വം ഒന്നു മാത്രം..... അധ്യാപകൻ ജനിക്കുകയാണ്..... നിർമ്മിക്കപ്പെടുകയല്ല.!!
എന്നെ ഞാനാക്കിയ എന്റെ മൺമറഞ്ഞുപോയ അധ്യാപകർക്കു പ്രണാമം.......

# എന്റെ മരണം

സുഫിലി.എസ്
IX A

ഞാനിതാ മരിക്കുന്നു
ഇഹലോക വാസത്തിനന്ത്യം
ഇനി ജീവിതം മറു ലോകത്ത്
ഭൂമിയേ നിന്നോട് വിട
ഞാൻ പറന്നകലുന്നു........
ആ വിജനമാം തീരത്തേക്ക്
സമുദ്രമാം എൻ ജീവിതത്തിൻ
തീരത്തേക്ക്........
മണ്ണിൽ നിന്നും വിണ്ണിലേക്കൊരു യാത്ര,
മേഘത്താഴ്വരയിൽ ഉല്ലസിക്കാൻ
നക്ഷത്രങ്ങളെ അമ്മാനമാടാൻ.

അറിയില്ല, ഒന്നും അറിയില്ല
അവിടം എങ്ങനാണ്?
മരണം കേവലം മൂന്നക്ഷരം
ഞാനതിനെ എന്തിനു ഭയക്കണം ?
ജീവിതം എന്ന ദൂരയാത്രയിൽ
ഒരൽപ്പനേരം വിശ്രമിക്കാൻ......
കഴിഞ്ഞതെല്ലാം മറന്ന്
പുതു മനുഷ്യനായി ജനിക്കുവാൻ........

ആ വിശ്രമത്തിനൊടുവിൽ
വീണ്ടും ഞാൻ തിരിച്ചു വരും
ഈ ഭൂമിയിൽ......
എൻ അമ്മയാം ഭൂമിയുടെ
പുത്രിയായി..........
ഈശ്വരാ......
മരണം കഠിനം തന്നെ
എങ്കിലും ഒരു മാറ്റം അനിവാര്യം
തെറ്റുകൾ തിരുത്തി ഒരു നാൾ
തിരിച്ചു വരാൻ.......

# മയക്കു മരുന്നുകൾക്കെതിരെ

സാന്ദ്ര ശശീന്ദ്രൻ
IXA

ഇന്ന് യുവാക്കളെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ വിനയാണ്
ലഹരിയിലുള്ള ആസക്തി.
എത്രയോ കുടുംബങ്ങൾ ഇതു മൂലം അനാഥമായിതീർന്നിരിക്കുന്നു.
വിദ്യാർത്ഥികളിൽ ഒരു ന്യൂനപക്ഷം ഈ ദുർവൃത്തിക്ക്
അടിമപ്പെട്ടിരിക്കുന്നു എന്നത് മറ്റൊരു ദുരന്തമാണ്.
ഇന്നു നാട്ടിൽ നടക്കുന്ന അക്രമപ്രവൃത്തികളിൽ ഒട്ടുമുക്കാലും
ഉണ്ടാകുന്നത് മദ്യവും മയക്കുമരുന്നുകളും കാരണമാണ്.
കൗമാരപ്രായക്കാർ ആദ്യം ആകർഷിക്കപ്പെടുന്നത്
പുകവലിയിലേക്കാണ്.......
പുകവലി,കഞ്ചാവ്, ബീഡിയിലൂടെയായാൽ കൂടുതൽ രസകരം. പിന്നിട്
ചരസ് , മരിജുവാന, ബ്രൗൺ ഷുഗർ തുടങ്ങിയ മാരകമായ
മയക്കുമരുന്നുകളുടെ മായാലോകത്തേക്ക് അവർ
നയിക്കപ്പെടുകയായി.
ഇവയുടെ പതിവു ലഹരി കൃത്യസമയത്ത് ലഭിച്ചില്ലെങ്കിൽ
ഉപഭോക്താവ് ഭ്രാന്ത് പിടിച്ച പോലെയാകും.......
സ്കൂളുകളിൽ, കോളേജുകളിൽ തുടങ്ങിയ സ്ഥലങ്ങളിൽ
മയക്കുമരുന്നുകൾ വ്യാപകമായി വിതരണം ചെയ്യുന്നു.
വിദ്യാർത്ഥികളുടെയിടയിൽ മയക്കുരുന്നുകൾക്കെതിരെ ശക്തമായ
പ്രചരണവും ബോധവൽക്കരണവും നടത്താൻ സർക്കാരും
സംഘടനകളും പ്രവർത്തനം നടത്തേണ്ടുകാലം
അതിക്രമിച്ചിരിക്കുന്നു......
ക്ലാസ് തുടങ്ങുന്നതിനു മുൻപ് പ്രാർത്ഥനയോടൊപ്പം എല്ലാ
വിദ്യാർത്ഥികളെ കൊണ്ടും മയക്കു മരുന്ന് തൊടുകയില്ല എന്ന
പ്രതിജ്ഞ എടുപ്പിക്കണം........
താമസിച്ചാൽ പ്രശ്ന പരിഹാരം അസാധ്യമായെന്നു വരാം.

# പാഠം ഒന്ന്

**ഹസീന.എം.ഐ**
**മലയാളം അധ്യാപിക**

**വാർത്ത പടർന്നു.......**
**കേട്ടവർ കേട്ടവർ പക്ഷം പിടിച്ചു.**
**'ദേ താഴത്തു വീട്ടിൽ രമേശനോ? പള്ളിയിലോ.....?'**
**രമേശ് പള്ളിയിൽ പോയത് നിസ്കരിക്കാനാണെന്നു ചിലർ.......**
**അല്ല, മതം മാറാനാണെന്നു വേറെ ചിലർ.....**
**അതുമല്ല, മുസ്ലീങ്ങൾ അവനെ തീവ്രവാദിയാക്കാനാണെന്ന് മറ്റു ചിലർ......**
**ഹിന്ദുത്വം സടകുടഞ്ഞെഴുന്നേറ്റു.**
**രമേശ് ഹിന്ദു തീവ്രവാദിയെന്ന് മുസ്ലീങ്ങൾ....**
**പള്ളിയാക്രമണമാണ് ലക്ഷ്യമെന്ന് അവർ....**
**ഇസ്ലാമികത സടകുടഞ്ഞെഴുന്നേറ്റു.**
**നാട്ടുണർന്നു, വെറുതെ വിടരുത്, മതം മാറ്റുകയോ?**
**പള്ളി തകർക്കയോ?**
**വർഗ്ഗീയത തലയുയർത്തി.**
**'ഞാൻ മഴ വന്നപ്പോൾ അൽപ്പനേരം കയറി.....'രമേശന്റെ തൊണ്ടയിൽ കുരുങ്ങിയ ശബ്ദം ആരും കേട്ടില്ല.**
**വാക്കേറ്റമായി, തർക്കമായി, അടിയായി.......**
**സുഹൃത്തുക്കളായ ദാസ്, രമേശ് പക്ഷവും, അലി എതിർ പക്ഷവുമായി...**
**നിമിഷ നേരം കൊണ്ടവർ ശത്രുക്കളായി, വെല്ലുവിളിച്ചു.**
**നേരം പുലർന്നാൽ നടപ്പാക്കേണ്ട ഗൂഢ പദ്ധതികൾ ഇരുപക്ഷവും തയ്യാറാക്കി.**

***    *    *    *    *    *    ***

**നേരം പുലർന്നു, പ്രളയത്തിൽ പുതഞ്ഞ പ്രഭാതം...**
**രമേഷും, ദാസും, അലിയും വീണ്ടും സുഹൃത്തുക്കൾ....**
**പള്ളിയിൽ മൂവരും നിരന്നു കിടന്നു.**
**ജാതിയോ, മതമോഅറിയാതെ.....**
**അമ്പലമോ, പള്ളിയോ അറിയാതെ....**
**വെറും പച്ച മനുഷ്യരായി...... മണ്ണിൽ പുതഞ്ഞ്......**

# എന്റെ നഷ്ടപ്പെട്ട നിമിഷങ്ങളിലൂടെ

സൂര്യ കെ എസ്
XA

എന്നും എഴുന്നേൽക്കുന്ന പോലെ അന്നും ഞാനെഴുന്നേറ്റു. പ്രഭാതത്തിലെ പതിവ് ജോലികൾ കഴിഞ്ഞ് അമ്പലത്തിൽ പോയി മടങ്ങി വന്നു. വീട്ടിൽ കയറിയതേ തുടങ്ങി അമ്മയുടെ പിറുപിറുക്കൽ "അത് ചെയ്യെടീ....... ഇത് ചെയ്യെടീ........" കുറ്റപ്പെടുത്തലും, പരിഭവങ്ങളും, പരിദേവനങ്ങളും. അമ്മയ്ക്കിതൊന്നു നിർത്തിക്കൂടെ. മനസ്സിൽ പറഞ്ഞത് ഉച്ചത്തിൽ വെളിയിൽ വന്നു. അമ്മയുടെ വാക്കുകൾ കരച്ചിലോളമെത്തി. ഇപ്പോൾ ഇതൊന്നും നിനക്ക് മനസ്സിലാവില്ല. കാലമാകുമ്പോൾ അമ്മ പറഞ്ഞത് നിനക്ക് മനസ്സിലാകും. എല്ലാം നിന്റെ നന്മയ്ക്കു വേണ്ടിയായിരുന്നുവെന്ന്........... ഇന്നിപ്പോൾ ഞാനറിയുന്നു ചീത്തപറയാനെങ്കിലും എന്റെ അരികിൽ അമ്മയുണ്ടായിരുന്നെങ്കിൽ..........

# സൗഹൃദം

സാന്ദ്ര ശശീന്ദ്രൻ
IX-A

ആത്മാവിൽ തൊട്ടുണർത്തിയ സൗഹൃദ നാളുകൾക്ക
വിരാമം......
ഇനി ബന്ധങ്ങൾ പ്രവചനങ്ങൾക്കതീതം......
നാളുകൾ ഇനിയുമെത്ര ഓർമ്മകളിൽ വിരിഞ്ഞു
നിൽക്കും. ഒരുപൂപോൽ എന്നെ നോക്കി പുഞ്ചിരി തൂകും.
സന്തോഷിപ്പിക്കും വണ്ണം തുടിച്ചു നിൽക്കും...........
അവസാനം ഒരു കലാലയത്തിൽ കണ്ടുമുട്ടി സൗഹൃദം
സൃഷ്ടിച്ച് ആത്മമിത്രങ്ങളായി മാറുന്ന കാലം
സൗഹൃദത്തിൽ അളവുകോൽ എന്നപോൽ അകൽച്ച
സൗഹൃദത്തിൻ ആഴം എന്നു ഗ്രഹിക്കേണ്ടു..........
ഇല്ല പിരിയില്ല നാം.....
ഒരിക്കലും മറക്കില്ല ഈ സൗഹൃദം....
ഈ സൗഹൃദത്തിന് ഒരു വേർപാടെങ്കിൽ അതെന്റെ മൃത്യു
എന്നു സാരം.

# പ്രവാസി

അനശ്വര കെ
IX-F

കുടുംബക്കാർക്കഭിമാനമാകാനും
നാട്ടുകാർക്ക് അസൂയപ്പെടാനും,
ഭാര്യമാർക്ക് ഓർത്തിരിക്കാനും,
മക്കൾക്ക്പൊങ്ങച്ചം കാട്ടാനും
അറബികളുടെ ശകാരങ്ങൾ ഏറ്റുവാങ്ങാനും
സുഹൃത്തുക്കൾക്ക് വാരിക്കൊടുക്കാനും
മരുഭൂവിൽ നിഴൽ തണലാകാനും മാത്രം
കത്തിയെരിയുന്ന കരിയിലകളാണോരോ
പ്രവാസിയും അവരുടെ
ജീവിതയാത്രയും.

# വാർദ്ധക്യം

സബീർ
IX-C

“അമ്മേ എന്തൊരു ഭംഗിയാണ് ഈ നാടിന്. ഇവിടുത്തെ വെള്ളച്ചാട്ടങ്ങളും, വയലുകളും, മരങ്ങളും കാണാൻ എന്തൊരു ഭംഗിയാണ്. മനോഹരമായ കാഴ്ച , അല്ലേ?”
നഗരത്തിൽ നിന്നും ഒരു ഗ്രാമത്തിലേക്ക് മാറിയ ഉണ്ണി ആഹ്ലാദത്തോടെ അമ്മയോട് പറയുന്ന വാചകങ്ങളാണ് . അവൻ കൗതുകത്തോടെ നാട്ടുഗ്രാമത്തിന്റെ മനോഹാരിതകൾ ആസ്വദിക്കുന്നത് കണ്ട് അമ്മയ്ക്ക് ഉള്ളിൽ ഒരു ചിരിവന്നു. ആദ്യമായി ഒരു ഗ്രാമം കാണുന്നത് കൊണ്ടായേക്കാം അത്. എല്ലാം സന്തോഷത്തോടെ നിരീക്ഷിക്കുന്ന ഉണ്ണിയുടെ മുഖത്ത് പെട്ടന്ന് ഒരു ചുളിവ്. “എന്താ ഉണ്ണി" കാറിന്റെ ഫ്രണ്ട്സീറ്റിൽ നിന്നും അമ്മയുടെ ചോദ്യം "ഒന്നുല്ലമ്മെ"മറുപടിയും. പുതിയ വീട്ടിൽ എത്തിയ ഉടൻ ഉണ്ണി വീടിന്റെ മുൻവശത്ത് ഒരു അതി മനോഹരമായ വയൽകണ്ട് അവൻ തുള്ളിച്ചാടി അവിടേക്ക് ഓടിചെന്നു. സന്ധ്യയായിട്ടുണ്ടാവണം, വീട്ടിൽ അമ്മയോട് ഉണ്ണിയെ വിളിക്കാനാവശ്യപ്പെട്ടത് തൊട്ടപ്പുറത്തെ വീട്ടിൽ വിളക്കുവച്ചിരുന്നത് കണ്ടിട്ടാവാം രാത്രി അത്താഴത്തിന് ഉണ്ണി വന്നില്ല. “ഉണ്ണീ , ടാ ഉണ്ണീ " അമ്മയുടെ വിളി. അപ്പുറത്ത് നിന്ന് ഉണ്ണി ഓടിവന്നു. പാതി ഭക്ഷണം കഴിച്ച് വേഗം കിടപ്പുമുറിയിലേക്ക്. ഉറക്കം വരുന്നില്ല. രാവിലെ കണ്ട കാഴ്ചകൾക്കിടയിൽ കണ്ട ഒരു കാഴ്ച അവന്റെ മനസ്സിനെ വേദനിപ്പിച്ചുകൊണ്ടിരുന്നു.

പിറ്റേന്ന്, രാവിലെ പുറത്ത് നിന്ന് ആരോ യാചിക്കുന്ന ശബ്ദം. ഓടിയെത്തി നോക്കിയപ്പോൾ അമ്മ ഒരു വൃദ്ധയെ ശകാരിക്കുന്നു. കണ്ണുനീരാൽ മുഖം വരണ്ട ആ വൃദ്ധ പയ്യെ നടന്ന് നീങ്ങി.
"അമ്മേ , എന്തിനാ മറ്റുള്ളവരെ ശകാരിക്കുന്നേ, അമ്മ അവർക്കെന്തെങ്കിലും കൊടുത്തോ ?
ഓ പിന്നെ, രാവിലെ തന്നെ ഇറങ്ങിക്കോളും കുറേ ഭിക്ഷക്കാർ. ഈ നാട് മുഴുവൻ ഇത്തരത്തിലുള്ളവരാ "ശ്ശെ"വൃത്തികെട്ടവർ. ഉണ്ണീടെ കണ്ണുകൾ നിറഞ്ഞു. "എന്തൊരു ദുഷ്ടയാണ് എന്റമ്മ" അവന്റെ മനസ്സ് പറഞ്ഞു.

പുതിയ സ്കൂളിൽ പോകാനുള്ള തിടുക്കത്തിൽ അവനതെല്ലാം മറന്നു.അമ്മയുടെ കൂടെ പുതിയ സ്കൂളിൽ പോകുന്ന വഴിയിൽ രാവിലെ കണ്ട വൃദ്ധയെ വീണ്ടും അവൻ കണ്ടു. കീറിപ്പറിഞ്ഞ വസ്ത്രം, ഒരു പൊട്ടിയ പാത്രവും കൂടെ ഒരു പുതപ്പും. അവന് അവരുടെ അവസ്ഥ കണ്ട് വിഷമമായി. പിറ്റേന്ന്, ഒറ്റയ്ക്കാണ് ഉണ്ണി സ്കൂളിൽ പോയത്. ഇന്നലെ കണ്ട സ്ഥലത്ത് ആ വൃദ്ധ നിൽപ്പുണ്ടായിരുന്നു. ഉണ്ണി അവന്റെ ചോറ്റുപാത്രം അവർക്ക് നേരെ നീട്ടി. ആർത്തിയോടെ അവർ അത് ഉള്ളിലാക്കി. പിന്നീടുള്ള എല്ലാ ദിവസങ്ങളും ഇത് പതിവായി. ഉണ്ണിയും ആ വൃദ്ധയും പരസ്പരം അടുത്തു. വാർദ്ധക്യത്തിൽ എന്ത് കൊണ്ടാണ് ഈ പാവത്തെ അവരുടെ മക്കൾ ഉപേക്ഷിച്ചത്. അതും ഒരു തെറ്റും ചെയ്യാതെ. വളർത്തിവലുതാക്കിയതിന്റെ പേരിലാണോ? അവന് അവന്റെ അമ്മയെ ഓർമ വന്നു. എന്റെ അമ്മ  ഇവരെ ഒരുപാട് വേദനിപ്പിച്ചിട്ടില്ലേ? ഓ; അവർക്കും വാർദ്ധക്യം ആവട്ടെ, ഉം ഉണ്ണി വിചാരിച്ചു.

കുറേ ദിവസങ്ങൾ കടന്ന്പോയി , സ്കൂളിൽ പോകുന്ന വഴിയിൽ ഉണ്ണീ ആ കാഴ്ച കണ്ടു. ആൽമരത്തിന്റെ ചുവട്ടിൽ ഒരു ആൾക്കൂട്ടം. ആൾ കൂട്ടത്തിനിടയിലൂടെ അവൻ നോക്കി. അവന്റെ കണ്ണുകൾ നിറഞ്ഞു. മരത്തണലിൽ വെള്ളയിൽ പുതഞ്ഞ ഒരു മൃതദേഹം....

# ചിന്താസരണി

നിഖില
X A

"വിശ്വസ്തം, സുതാരായം, ജനകീയം" ഈവാക്യങ്ങൾ ഏവർക്കും സുപരിചിതമാണല്ലോ.
എല്ലാ പത്രങ്ങളും സ്വയം സമർത്ഥിക്കുന്ന നഗ്നമായ അസത്യം.
ഈ വാക്യങ്ങളെ കണ്ണടച്ച വിശ്വസിക്കാൻ ഇന്നത്തെ ജനതയ്ക്ക കഴിയുമോ? ഇന്നത്തെ പത്രങ്ങൾ സുതാര്യമാണ് എന്ന് സമർത്ഥിക്കാൻ ഇന്നത്തെ ജനതയ്ക്ക് കഴിയുമോ?
വാർത്തകൾ സത്യസന്തതയോടെ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ധർമ്മത്തിൽ നീതിപുലർത്തേണ്ട പത്രങ്ങൾ ഇന്ന ജനങ്ങളിലേക്ക് എത്തിക്കുന്നത് ധർമ്മത്തിന് നിരക്കുന്ന കാര്യമാണോ എന്ന് ചിന്തിക്കേണ്ടതുണ്ട്.
മാധ്യമധർമ്മം പാലിക്കപ്പെടുന്നുണ്ടോ?

**സത്യസന്തതയുംസുതാര്യവും ആയ വാർത്തകൾ നൽകണ്ട കർത്തവ്യത്തിൽ പത്രങ്ങൾ നീതിപുലർത്തുന്നുണ്ടോ?**
**ഒന്നു ചിന്തിച്ചുനോക്കൂ.**

# പ്രകൃതി

സബീർ എസ്
IX-C

മാഞ്ഞു  ഹരിതസുന്ദരയാമം
ഹാ! പാരിതിൽ മുഴുവനമാഘോഷം
എന്തുപറ്റി, എന്റെ അമ്മയാം ഭൂമിക്ക്
ഇതെന്തുപറ്റി ഈ സർവ്വസൗന്ദര്യത്തിന്
എന്നിലെ വിശ്വാസമെല്ലാം നശിച്ചു പോയി
എങ്ങിനെ മാറ്റിയെടുക്കുമീ ഭൂമിയെ
എന്തുവേണമിനി നാഗരിക തയിൽ
എന്തുചെയ്യാമിനി ഹരിതമുണ്ടാക്കുവാൻ

മോഹമുണ്ടേ, എനിക്ക് പറയുവാനെങ്കിലും
സർവ്വേശ്വരീ നിന്റെ കാൽക്കൽ നമസ്കരിച്ച്
അമ്മേ, എന്നടെ ഭൂമിയെ മാറ്റുമോ
അല്ലെങ്കിലെന്നേ വിളിച്ചീടുക പാരിതിൽ
നിന്നടെ സ്വർല്ലോകനടയിങ്കൽ ചെന്നെത്തി
അമൃതമാം അരുവിപാനീയം മോന്തീടുവാൻ
പിന്നീടാമേഘത്തിൽ സഞ്ചാരം നടത്തി
ഈ സ്വർല്ലോകനടയിൽഉല്ലസിച്ചീടുവാൻ......

എന്റെ ഈ ലോകത്തെ സുന്ദരമാക്കുമോ
അല്ലെങ്കിൽ ഞങ്ങളെ വിളിച്ചീടുമോ?
ഈ ഭൂമിയിൽ ഇനി ജീവിതം മടുത്തീടും
മോഹമുണ്ടേ, അങ്ങയുടെ നടയിങ്കൽ വന്നിടാൻ.......

# കുഞ്ഞേ നിനക്കെന്തുപറ്റി?

ടെസ്സി റോസ്. എം
ബയോളജി അധ്യാപിക

രണ്ട് പോലീസുകാരുടെ അകമ്പടിയോടെ  നിൽക്കുന്ന നിന്നെ
കണ്ടപ്പോൾ എന്റെ  മനസ്സിൽ മിന്നിമറഞ്ഞ വികാരം
എന്തായിരുന്നു എന്ന് ഞാൻ ഓർത്തെടുക്കുകയാണ്.
നിസംഗതയോടെ നിന്നിരുന്ന നിന്റെ മുഖം ക്ഷണനേരം കൊണ്ട്
വിവർണ്ണമാകുന്നത് ഞാൻ കണ്ടു. നിന്റെ ഓമനത്തമുള്ള മുഖം
എന്റെ മനസ്സിൽനീറുന്ന വിങ്ങലായി അവശേഷിക്കുന്നു.
നീ ചെയ്ത തെറ്റ് എന്താണ്?
എങ്ങനെ നീ അതിലുൾപ്പെട്ടു?
ലഹരി പൂക്കുന്ന മേച്ചിൽ പുറങ്ങൾ  തേടിയതാണോ?
അതോ അസാന്മാർഗികതയുടെ വഴുക്കുന്ന നിലങ്ങളിൽ
നടന്നതോ?
നിന്റെ  പ്രായത്തിലുള്ളവർക്ക് ചെന്നുപെടാൻ ഏറെ
ചതിക്കുഴികൾ- കെണികൾ തയ്യാറാക്കിയിരിക്കുന്ന
ലോകമാണിതെന്ന മുന്നറിയിപ്പുകൾ നിന്റെ മാതാപിതാക്കൾ
തന്നിരുന്നില്ലേ?
സ്കൂളിലെത്തിയപ്പോൾ നിന്റെ അധ്യാപകർ പറഞ്ഞുതന്നില്ലേ?
അതോ അധ്യാപകനെ നിർവ്വീര്യനാക്കിയതിന്റെ ഉല്പന്നമാണോ
നീ?
ഒരു അമ്മയെന്ന നിലയിലും,
അധ്യാപികയെന്ന നിലയിലും
മകനേ നിനക്കായി ഒരിറ്റു കണ്ണീർ. ......
തിരുത്തപ്പെടലുകൾ ഇഷ്ടപ്പെടാത്ത നിന്റെ തലമുറയ്ക്കും.........

# കണ്ണീരിലെ ഓർമ്മകൾ

ദൃശ്യ .എസ്
X A

ഇതുവരെ കാണാത്ത ലോകം കാണുവാൻഅവസരം
നൽകിയോരെന്നമ്മ
പിച്ച വച്ച് ഞാൻ നടക്കുന്ന നേരത്ത്
പിറകിലായ് എന്നുമുണ്ടാവും അമ്മ
ഓരോ അടിയിലും കാൽതെറ്റി വീഴുമ്പോൾ
കൈകളാൽ താങ്ങിയെടുക്കുമെന്നെ
അമ്മയിൽ നിന്നകലുമെന്നൊരുൾഭയം
ആ മനസ്സെന്നും നിറഞ്ഞിരുന്നു.......
അമ്മതൻ നൊമ്പരം എന്തെന്നറിയാത്ത
ഒരു നറുമലരായിരുന്നു......
ഒത്തിരി വളർന്നിട്ടും ഞാനെന്നും അമ്മയ്ക്ക്
ഒരു നറുമലരായിരുന്നു......
ഇന്ന് ഒരു കുഞ്ഞായി എന്നെ വളർത്തുവാൻ
ആരുമില്ലാകാലമായി
ഇന്നെന്റെ അമ്മതൻ ഉള്ളിലെ വേദന
ഞാനറിഞ്ഞീടുന്നു ഏകയായി....
ഒരു തുള്ളിയായി ഞാൻ മണ്ണിലേക്കെത്തിയാ-
മേഘമാം അമ്മതൻ സാന്നിദ്ധ്യത്തിൽ
മറുവാക്കുപോലും പറയാതെ എന്നമ്മ
എന്നെ തനിച്ചാക്കിയിന്നെങ്ങോ പോയ്...
രാത്രിയിൽ ആകാശവീഥിയിൽ നോക്കുമ്പോൾ
എങ്ങോ തിളങ്ങുന്നു എന്നമ്മയും...
ഇല്ലറിയില്ലെനിക്കൊന്നുമതെങ്കിലും
എന്നും ഞാനമ്മയെ ഓർത്തിടുന്നു...
കണ്ണീരുമായ് ഇന്നും ഓർത്തിടുന്നു...

# എനിക്കും പറയാനുണ്ട്

അനശ്വര കെ
IX-F

**നിങ്ങൾതൻ ക്രൂരത ഏറ്റുവാങ്ങി ഞാൻ
ഏറെനാൾ ചിരഞ്ജീവിയായ്......
നാളുകൾ എണ്ണി തീർക്കവേ ഞാനിന്നു-
പാതിജീവനിൽ നിലച്ചു പോയീ.....
ഒടുവിൽ ഞാൻ പൊട്ടി പുറപ്പെട്ട്;
നിലക്കാത്ത പ്രാണനായ് മാറീടുന്നു......
കവിയുന്ന മറിയുന്ന കുലകുത്തി,
വീഴുന്ന
നാശങ്ങൾക്കൊക്കെയും നാഥയായ്......
ശാപങ്ങളൊക്കെയും ഏറ്റുവാങ്ങീ.......**

# ആ കവിത

സാന്ദ്ര ശശീന്ദ്രൻ
IX- A

**കനലെരിയുന്ന മനസ്സിനെ ഇനിയും അടങ്ങാത്ത കാവ്യ ബോധങ്ങളിലൂടെ പകർത്തിയെഴുതി; നഷ്ടങ്ങളെ കുറിച്ച് വിലപിച്ച് രാജാവ് നഗ്നനെന്ന് വിളിച്ചു പറഞ്ഞ വസന്തങ്ങളെ കാത്തിരിക്കുന്ന വേദനകളിൽ വലയം പ്രാപിക്കാത്ത പൂമരങ്ങളായി മാറാൻ കൊതിക്കുന്ന മനസ്സുകളുടെ അവസാനത്തെ ആയുധമായി കവിത.**



# നിലാവ്

സാന്ദ്ര ശശീന്ദ്രൻ
IX-

നിലാവിന്റെ നീല വെളിച്ചത്തിൽ
നക്ഷത്രങ്ങൾ എന്നെ നോക്കി
ചിരിക്കവേ......
ആ നക്ഷത്ര തിളക്കം,
എന്റെ കണ്ണുകളിൽ
പ്രകാശം പരത്തവേ,
ഞാൻ അറിഞ്ഞു
ഇതുവരെ അറിയാതെ പോയ
സൗന്ദര്യമാണ്
എന്റെ കണ്ണുകളിൽ തെളിഞ്ഞതെന്ന്...
എന്നെ നിലാവിന്റെ അടുത്തേക്കാനയിച്ച
ആ കുളിർ കാറ്റിന്റെ മൃദുസ്പർശം
ഞാനിന്നറിഞ്ഞു.
എന്നെ തഴുകിയ ആ സ്പർശം
എന്നെ മായാലോകത്തേക്കാനയിച്ച
സ്പർശം.
എന്നെ സ്പർശിച്ച നിലാവ്

# വിദ്യാലയം

## അനശ്വര കെ
## IX-F

വിദ്യാലയത്തിൻ ചുറ്റമതിലുകളെല്ലാം,
ഒരു കൂട്ടമോർമ്മകൾ സമ്മാനിച്ചതായിരിക്കാം,
ഓരോ വരാന്തകൾക്കും, ഓരോ തൂണുകൾ-
ക്കുമുണ്ടാവും പറയാൻ ഒരുപാട്ടുകഥ-
കളും, നൊമ്പരങ്ങളും
ചങ്ങലപോലെ കൈപിടിച്ച ചങ്ങാത്തം-
കൂടിയ ചങ്ങാതിമാരും, കുന്തം കൊണ്ടു
പേടിപ്പിക്കും ചില അദ്ധ്യാപകരും,
എന്തു രസമാണാ പൂമരക്കാലം.
നമ്മുടെ കല തെളിയിക്കാനായി വേദന-
തിന്ന ബെഞ്ചുകളും, സൗഹൃദങ്ങളെ-
യൂതി നമുക്കായ് ആത്മാഹുതി ചെ-
യ്ത ചോക്കുകളും എന്തു വിവേക-
പൂർണമാക്കാലം.
എനിക്കപ്പോഴുമിഷ്ടം ആ, കറുത്ത
ബോർഡിനെയാണ് എത്ര കുമ്മായപ്പൊടി
തേച്ചാലും അവനിഷ്ടമാ കറു-
പ്പുനിറം തന്നെയാണ്.
അതാ കാലഘട്ടത്തിലോരോരുത്തർക്കും ഒരു
പാഠമായിരുന്നു.

# മോഹം

അനശ്വര കെ
IX F

ഉയരങ്ങളിലേക്ക് കുതിക്കാനാണെനിക്കു മോഹം.
വാനിൽ തിമിർത്താടുന്ന നക്ഷത്ര-
ക്കൂട്ടത്തെ, നെഞ്ചിലോട്ട് ചേർക്കാൻ,
ഒന്നു കൈയെത്തിപ്പിടിക്കാൻ;
ഏറെ പ്രയത്നിച്ച മഹത്
വ്യക്തികളുടെ ജീവിതം പാഠമാക്കി,
മുന്നോട്ടു കുതിക്കാനെനിക്കു മോഹം.
മോഹം അതു ചിലപ്പോൾ വാശിയായി,
കത്തിയെരിയുന്ന സൂര്യനായ്,
നിലക്കാത്തപ്രാണനായ്
മോഹം.
വാനിൽ പറന്നുനടക്കുന്നപ്പൂപ്പൻ താടി-
പോലെ പാറിനടക്കുന്നതാണെന്റെ മോഹങ്ങൾ.


സുഫിലി .എസ്
IX A

# മികവ്

**അശ്വിൻ.വി** **സംസ്ഥാനതല സീനിയർ ബോയ്സ്**

**യോഗാചാമ്പ്യൻഷിപ്പിൽ രണ്ടാം**

X A **സ്ഥാനം നേടി.**

**വിസ്മയ.ഇ.ബി** **സംസ്ഥാനതല ജൂനിയർ വിഭാഗം പെൺകുട്ടികളുടെ**

**വോളിബോൾ**

IX A **ടീമിലേക്ക് യോഗ്യത കരസ്ഥമാക്കി.**

**അഭിജിത്ത് .എൽ** **സംസ്ഥാനതല ജൂനിയർ വിഭാഗം ആൺകുട്ടികളുടെ**


X D **വോളിബോൾ ടീമിലേക്ക് യോഗ്യത കരസ്ഥമാക്കി.**

**അഭിലാഷ് .സി** **സംസ്ഥാനതല ജൂനിയർ വിഭാഗം ആൺകുട്ടികളുടെ**

X D **വോളിബോൾ ടീമിലേക്ക് യോഗ്യത കരസ്ഥമാക്കി.**

**നവ്യ** **ജില്ലാതല ജൂനിയർ വിഭാഗം പെൺകുട്ടികളുടെ കബഡി**

**X E** **മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.**



# നന്ദി

**വാക്കുകൾ വർണ്ണപ്പൂക്കളമൊരുക്കുമ്പോൾ**
**ആശയങ്ങൾ വികാരസാന്ദ്രമാകുമ്പോൾ**
**ഹൃദയങ്ങൾ വാചാലമാകുമ്പോൾ**
**പറയാനൊരു പദം................നന്ദി**
**വഴി വിളക്കായി പ്രകാശം ചൊരിഞ്ഞ അധ്യാപകർക്ക് ,**
**കൂടെ നിന്ന സഹപാഠികൾക്ക്,**
**കണ്ണും മനവും തുറന്നു വച്ച അനുവാചകർക്ക്........**